90 (3415) നെല്ലുൽപ്പാദനം

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ ഒരു വർഷം എത്ര ടൺ നെല്ലുൽപ്പാദനം ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു വർഷം എത്ര ടൺ നെല്ല് ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലുള്ള മുഴുവൻ നെൽപ്പാടങ്ങളിലും കൃഷിയിറക്കിയാൽ ആകെ എത്ര നെല്ല് ഉല്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) മുഴുവൻ നെൽപ്പാടങ്ങളിലും കൃഷിയിറക്കാൻ ഇപ്പോൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998-99-ൽ 14.25 ലക്ഷം ടൺ നെല്ല് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ഏകദേശം 60 ലക്ഷം ടൺ.

(സി) ഇത്തരത്തിലുള്ള കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ഡി) നെൽപ്പാടങ്ങൾ തരിശിടാതെ ലാഭകരമായി കൃഷിയിറക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, ഉല്പാദനോപാധികൾ വിതരണം ചെയ്യുക, യന്ത്രവൽക്കരണം വ്യാപകമാക്കുക, പാടങ്ങൾ നികത്തുന്നതും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും തടയുക, നെല്ല് സംഭരിക്കുക, വൈദ്യുതി സൗജന്യം നൽകുക, സബ്സിഡി നിരക്കിൽ കാർഷികോപകരണങ്ങൾ നൽകുക, ഉൽപ്പാദന ബോണസ് നൽകുക തുടങ്ങിയവ ചെയ്തുവരുന്നു. ഉൽപ്പാദന കേന്ദ്രങ്ങളെ അടിസ്ഥാനമാക്കി ഇതിനായി 10 വികസന ഏജൻസികൾ രൂപീകരിച്ചിട്ടുണ്ട്. ഈ ഏജൻസികൾ അതത് പ്രദേശത്ത് പരമാവധി നെൽക്കൃഷി വികസിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

91 (3416) കേര വികസന പദ്ധതി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരവികസന പദ്ധതികളിലൂടെ ഉൽപ്പാദനക്ഷമത എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ) കേരവികസന പദ്ധതിയിലൂടെ ഉല്പാദനക്ഷമത ഹെക്ടറിന് 7000 ടൺ ആയി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly